# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4815 — 04.07.2012 - ലെ മറുപടിക്ക്

**<u>എൻ.സി.എ. റിക്രൂട്ട്മെന്റ്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | എൻ.സി.എ. റിക്രൂട്ട്മെന്റിനുള്ള വിജ്ഞാപനങ്ങൾ നിജപ്പെടുത്താൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരള സ്റ്റേറ്റ് ആന്റ് സബോഡിനേറ്റ് സർവ്വീസസ് റൂൾസിലെ ചട്ടം 15 (എ) പ്രകാരമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എൻ.സി.എ. റിക്രൂട്ട്മെന്റിനുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നത്. ആയത് അനുസരിച്ച് എൻ.സി.എ. ഒഴിവുകൾ കുറഞ്ഞത് രണ്ടു തവണയെങ്കിലും ആവർത്തിച്ച് പുനർ വിജ്ഞാപനം ചെയ്യേണ്ടതാണ്. |
| (ബി) | എത്ര മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുള്ളത് ; | (ബി) | രണ്ട് എൻ.സി.എ. വിജ്ഞാപനങ്ങൾ തമ്മിൽ ആറു മാസത്തെ ഇടവേള ഉണ്ടാകണമെന്നാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത് |
| (സി) | പ്രസ്തുത വിജ്ഞാപനങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരെ ലഭിക്കാത്ത സാഹചര്യമുണ്ടായാൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ? | (സി) | എൻ.സി.എ. വിജ്ഞാപനങ്ങൾ പ്രകാരം ഒരു സമുദായത്തിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത പക്ഷം, കേരള സ്റ്റേറ്റ് ആന്റ് സബോഡിനേറ്റ് സർവ്വീസസ് റൂൾസിലെ ചട്ടം 15 (എ) യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ലഭ്യമായ മറ്റു പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. മറ്റ് പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലഭ്യമായ പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതും അവരുടെയും അഭാവത്തിൽ ലഭ്യമായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ